# അഹങ്കാരത്തിന്റെ ഫലം

• പൂന്തോട്ടത്തു വിനയകുമാർ

ഒരിക്കൽ ഒരിടത്തു ഒരു അണ്ണാനും ഒരു പൂച്ചയും ഉണ്ടായിരുന്നു. പൂച്ചയുടെ പേര് ശങ്കു. അണ്ണാന്റെ പേര് പിങ്കു. അവര് കൂട്ടുകാരായിരുന്നു. എങ്കിലും തരം കിട്ടിയാൽ പിങ്കുവിനെ ഓരോ ഹുങ്ക് പറഞ്ഞ് ശങ്കു വിഷമിപ്പിച്ചുകൊണ്ടിരിക്കുമായിരുന്നു.

പിങ്കു അണ്ണാൻ വളരെ പാവമായിരുന്നു. എന്നാൽ ശങ്കു പൂച്ചയാകട്ടെ കൗശലക്കാരനും ധിക്കാരിയുമായിരുന്നു.

എപ്പോളും അണ്ണാനെ എന്തെങ്കിലുമൊക്കെ പറഞ്ഞു കളിയാക്കിക്കൊണ്ടുമിരിക്കുമായിരുന്നു. പക്ഷേ പാവം പിങ്കു അണ്ണാൻ ഒന്നും മറുപടി പറയാറില്ലായിരുന്നു.

തടിയനായ ശങ്കു പൂച്ച വീമ്പടിക്കും: ‘‘എന്റെ അത്ര ശക്തി നിനക്കില്ല. എന്നെ കണ്ടോ, നല്ല ഭംഗിയല്ലേ കാണാൻ... നിന്നെയോ...? എനിക്ക് വീട്ടിനകത്ത് എവിടെ വേണമെങ്കിലും കറങ്ങിനടക്കാം

നിനക്കതുപോലല്ലല്ലോ... പാല് തരും, മീനും ഇറച്ചിയും എനിക്ക് തരും... നിനക്ക് അതൊന്നും കിട്ടില്ലല്ലോ..!’’

ഇതെല്ലാം പാവം പിങ്കു കേട്ട് വിഷമിച്ചിരുന്നു.

അവൻ ഒന്നും തിരിച്ചു പറഞ്ഞില്ല.

ഒരിക്കൽ അവർ വെയിൽകൊണ്ട് ഒരു പാറപ്പുറത്തിരിക്കുകയായിരുന്നു.

പെട്ടെന്നാണ് കില്ലാഡി നായ അതുവഴി വന്നത്.

അവൻ കണ്ടാൽ കഥ കഴിച്ചതുതന്നെ.

പിങ്കു വിളിച്ചു പറഞ്ഞു: ‘‘ശങ്കൂ വേഗം രക്ഷപ്പെട്ടോ...’’

പിങ്കു അണ്ണാൻ ഒരു മരത്തിലേക്ക് പാഞ്ഞു കയറി. തടിയനായ ശങ്കുവിന് ഓടാനും കഴിഞ്ഞില്ല.

ശങ്കു പൂച്ചയെ കില്ലാഡി നായ മരത്തിനു ചുറ്റും ഓടിച്ചുകൊണ്ടിരുന്നു.

ഇത് കണ്ട പിങ്കുവിന് സങ്കടം വന്നു. ശങ്കുവിനെ രക്ഷിക്കണം. അവൻ എന്തൊക്കെ പറഞ്ഞാലും എന്റെ സുഹൃത്തല്ലേ..

പിങ്കു താഴെ ഇറങ്ങി വന്ന് കില്ലാഡിയുടെ നേരെ ചെന്നു. ശങ്കുവിനെ വിട്ടു കില്ലാഡി പിങ്കുവിന്റെ നേ



▸▸ ചുണ്ടൻവള്ളങ്ങളുടെ നിർമ്മാണത്തിനുപയോഗിക്കുന്ന മരം– ആഞ്ഞിലി



രെ പാഞ്ഞടുത്തു.

അപ്പോൾ പിങ്കു അണ്ണാൻ ശങ്കു പൂച്ചയോടു വിളിച്ചു പറഞ്ഞു:

“ശങ്കൂ... വേഗം മരത്തിൽ ഓടിക്കയറിക്കോ...” ശങ്കു പൂച്ച ഒരുതരത്തിൽ മരത്തിൽ വലിഞ്ഞു കയറി.

നിമിഷനേരം കൊണ്ട് പിങ്കു അണ്ണാനും മരത്തിൽ കയറി. കുറെ നേരം മരച്ചുവട്ടിൽ നിന്ന് കുരച്ചിട്ട് കില്ലാഡി നായ ഇളിഭ്യനായി മടങ്ങി.

അവർ ഇരുന്ന മരത്തിനു കുറച്ചകലെ ആയി മറ്റൊരു മരം ഉണ്ടായിരുന്നു. ഞാൻ ഇപ്പോൾ വരാം എന്നു പറഞ്ഞ് പിങ്കു അണ്ണാൻ ആ മരത്തിൽ നിന്ന് അടുത്ത മരത്തിലേക്കു എടുത്തു ചാടി. ആ മരത്തിൽ കുറെ ചെറിപഴം അവൻ സൂക്ഷിച്ചു വെച്ചിട്ടുണ്ടായിരുന്നു. അതെടുത്തു ക്ഷീണിതനായിരിക്കുന്ന സുഹൃത്തിന് കൊടുക്കാൻ പോയതാണ് പിങ്കു അണ്ണാൻ.

പക്ഷേ അഹംഭാവിയായ ശങ്കു പൂച്ച പറഞ്ഞു. “ഇതാ ഞാനും വരുന്നു... ഒരു പീറ അണ്ണാന് മറ്റേ മരത്തിലേക്ക് ചാടാമെങ്കിൽ തനിക്ക് എന്തു കൊണ്ടായിക്കൂടാ. അവൻ ചിന്തിച്ചു.

പക്ഷേ നല്ലവനായ പിങ്കു അത് വിലക്കാൻ ശ്രമിച്ചു:

“ശങ്കൂ, നീ ചാടേണ്ട. എനിക്ക് വശമുണ്ട്, നിനക്ക് മരത്തിൽ നിന്നും ചാടി ശീലമില്ലല്ലോ. അതുതന്നെയുമല്ല താഴെ പാറയുമാണ്....”

അതുകേട്ട് ശങ്കുപ്പൂച്ച പറഞ്ഞു: “ഞാൻ ചാടിനോക്കട്ടെ... നിനക്ക് ചാടാമെങ്കിൽ എനിക്ക് എന്തു കൊണ്ടായിക്കൂടാ....” പിങ്കുവിന്റെ വിലക്കു കളൊന്നും ശങ്കു പൂച്ച ചെവിക്കൊണ്ടില്ല.

അവൻ ആ മരത്തിന്റെ തുഞ്ചത്ത് പ്രയാസപ്പെട്ടു വലിഞ്ഞു കയറി.

എന്നിട്ട് അടുത്ത മരം ലക്ഷ്യമാക്കി ഒറ്റച്ചാട്ടം... ധിം.... ദാ കിടക്കുന്നു താഴെയുള്ള പാറപ്പുറത്ത്... അതോടെ ശങ്കു പൂച്ചയുടെ അഹങ്കാരം ശമിച്ചു.

•

▸▸ ഭൂമിയുടെ വൃക്കകൾ എന്നറിയപ്പെടുന്നത്– തണ്ണീർ തടങ്ങൾ